B

605

# വാർഷിക മൂല്യനിർണയം 2017-18

ക്ലാസ്സ് : 6 | സാമൂഹ്യശാസ്ത്രം | സമയം: 2 മണിക്കൂർ

## നിർദേശങ്ങൾ

- ആദ്യത്തെ 15 മിനിട്ട്. ചോദ്യങ്ങൾ നന്നായി വായിച്ച് മനസിലാക്കാനുള്ളതാണ്. (സമാശ്വാസ സമയം)
- എട്ടു പ്രവർത്തനങ്ങൾ ഉള്ളതിൽ നന്നായി അറിയാവുന്ന ആറു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
- തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതാൻ ശ്രമിക്കേണ്ടതാണ്.

**പ്രവർത്തനം: 1**

★ **കുട്ടികൾ സവിശേഷമായ അവകാശങ്ങൾ ആവശ്യമുള്ളവരാണ്.**

എ) കുട്ടികളുടെ അവകാശമല്ലാത്തത് താഴെ പറയുന്നവയിൽ ഏതാണ്?.

- പഠിക്കാനുള്ള അവകാശം.
- സ്നേഹവും സംരക്ഷണവും ലഭിക്കുന്നതിനുള്ള അവകാശം.
- തുല്യജോലിക്ക് തുല്യ വേതനം.

ബി) വീട്ടിലും വിദ്യാലയത്തിലും നാട്ടിലും നിങ്ങൾക്ക് ലഭിക്കണമെന്നാഗ്രഹിക്കുന്ന അവകാശങ്ങൾ എന്തെല്ലാം?

സി) 6 മുതൽ 14 വയസുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്ന നിയമം ഏത്?.

**പ്രവർത്തനം: 2**

★ **അവകാശങ്ങളോടൊപ്പം നമുക്ക് കടമകളുമുണ്ട്.**

എ) പട്ടിക പൂർത്തിയാക്കുക.

| അവകാശങ്ങൾ | കടമകൾ |
|---|---|
| റോഡിലൂടെ യാത്ര ചെയ്യുക എന്റെ അവകാശമാണ്. | ..........................................<br>.......................................... |
| ..........................................<br>.......................................... | കുട്ടിയായഎന്നെ സംരക്ഷിക്കുക മാതാപിതാക്കളുടെ കടമയാണ്. |
| വാർധക്യത്തിൽ സംരക്ഷണം മാതാപിതാക്കളുടെ അവകാശമാണ് | ..........................................<br>.......................................... |
| ..........................................<br>.......................................... | ഞാൻ അനുഭവിക്കുന്ന സ്വാതന്ത്ര്യം മറ്റുള്ളവർക്കും നൽകുക എന്റെ കടമയാണ് |

ബി) കുട്ടികളായ നിങ്ങൾക്ക് അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ പരാതിപ്പെടാവുന്ന സംസ്ഥാന തല സ്ഥാപനം ഏത്?.

**പ്രവർത്തനം: 3**

*** കേരളത്തിൽ വിവിധ ഗോത്രസമൂഹങ്ങൾ ഉണ്ട്.**

എ) കേരളത്തിലെ ഏതെങ്കിലും ഒരു ഗോത്ര സമൂഹത്തിന്റെ പേരെഴുതുക.

ബി) ഗോത്രസമൂഹത്തിന്റെ സാമൂഹിക ജീവിതം മറ്റു സമൂഹങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. ഗോത്രസമൂഹത്തിന്റെ സവിശേഷതകളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.

**പ്രവർത്തനം: 4**

എ) പ്രകൃതി വിഭവങ്ങൾ എന്നാൽ എന്ത്?

ബി) താഴെ പറയുന്ന പ്രകൃതി വിഭവങ്ങൾ നമ്മൾ ഉപയോഗിക്കുന്നത് ഏത് ആവശ്യത്തിനുവേണ്ടിയാണ്?

| വിഭവങ്ങൾ | ഉപയോഗം |
|---|---|
| • ശിലകൾ | • |
| • സ്വർണം | • .................. |
| • കൽക്കരി | • .................. |
| • പെട്രോളിയം | • .................. |

സി) പുനസ്ഥാപിക്കപ്പെടുന്ന രണ്ടു വിഭവങ്ങളുടെ പേര് എഴുതുക?

**പ്രവർത്തനം: 5**

*** ഉപയോഗം മൂലം വിഭവങ്ങളുടെ അളവിലും ഗുണത്തിലും കുറവുണ്ടാകുന്നു.**

എ) അമിതമായ വിഭവശോഷണത്തിന് വഴിയൊരുക്കിയ സാഹചര്യങ്ങൾ എന്തെല്ലാം?

ബി) താഴെ പറയുന്ന പ്രകൃതി വിഭവങ്ങൾ അപ്രത്യക്ഷമായാൽ എന്തു സംഭവിക്കും എന്ന് വ്യക്തമാക്കുന്ന പട്ടിക പൂർത്തിയാക്കുക.

| പ്രകൃതി വിഭവം | ഇല്ലാതായാലുള്ള ഫലം |
|---|---|
| ......................... | ജീവൻ തന്നെ ഭൂമിയിൽ നിന്ന് തുടച്ച് നീക്കപ്പെടും. |
| മണ്ണ് | ........................................................ |
| വനം | ........................................................ |

**പ്രവർത്തനം: 6**

*** പൗരൻമാർക്ക് ജനാധിപത്യജീവിതം സാധ്യമാകണമെങ്കിൽ പൗരാവകാശങ്ങൾ നിലനിൽക്കണം.**

എ) ഇന്ത്യയിൽ പൗരന് ലഭിക്കുന്ന അവകാശങ്ങൾ ഏതെങ്കിലും 3 എണ്ണം എഴുതുക.

ബി) 'അവകാശങ്ങൾ' എന്നാൽ എന്ത്?

പ്രവർത്തനം: 7

എ) ചേരൻ, ചേരമാൻ തുടങ്ങിയ പേരുകളിൽ അറിയപ്പെട്ടിരുന്ന രാജാക്കന്മാർ ആര്?

ബി) അഞ്ചുവണ്ണം, മണിഗ്രാമം തുടങ്ങിയ പേരുകളിൽ അറിയപ്പെട്ടിരുന്നതെന്താണ്?

സി പെരുമാൾകാലത്തെ സാമ്പത്തികവും സാമൂഹികവുമായ സവിശേഷതകൾ എഴുതുക. (ഏതെങ്കിലും മൂന്നെണ്ണം)

പ്രവർത്തനം: 8

✶ **'മഴയെത്താത്ത മണൽപ്പരപ്പുകൾ' എന്ന് ഉഷ്ണമരുഭൂമികളെ പൊതുവായി വിശേഷിപ്പിക്കാറുണ്ട്.**

എ) താഴെ പറയുന്നവയിൽ ഉഷ്ണമരുഭൂമിയിലെ മനുഷ്യവിഭാഗമല്ലാത്തത് ഏതാണ്?

പിഗ്മി, ബുഷ്മെൻ, ത്വാറെഗ്, ബഡോയ്ൻ

ബി) സഹാറ മരുഭൂമി ഏത് വൻകരയിലാണ്?

സി) മരുഭൂമികളിലെ കാലാവസ്ഥ മറ്റുപ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമാണെന്ന് പറയാൻ കാരണമെന്ത്?